# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**2012 ജൂണ്‍ 26, ചൊവ്വ**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍**
**(ആകെ ചോദ്യങ്ങള്‍- 305)**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ഊര്‍ജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 3548 മുതല്‍ 3698വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 3699 മുതല്‍ 3745 വരെ |
| വനവും സ്പോര്‍ട്സും സിനിമയും  വകുപ്പുമന്ത്രി | 3746 മുതല്‍ 3798 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 3799 മുതല്‍ 3852 വരെ |

**വൈദ്യുതി പ്രതിസന്ധി**

3548 **ശ്രീ. കെ. ശിവദാസന്‍ നായര്‍**
**,, പി. എ. മാധവന്‍**
**,, തേറമ്പില്‍ രാമകൃഷ്ണന്‍**
**,, എം. എ. വാഹിദ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാന്‍ കേന്ദ്രം കൂടുതല്‍ വൈദ്യുതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കാമോ ;

(ബി) സംസ്ഥാനത്തെ ജലവൈദ്യുതി പദ്ധതികളുടെ അനുമതി റദ്ദാക്കിയത് പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവണ്‍മെന്റിന്റെ സമീപനം എന്താണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>ഊർജ്ജ കമ്മി</u>**

3549 ശ്രീ. സി. മോയിൻകുട്ടി
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിലെ ഊർജ്ജ കമ്മി നികത്തുന്നതിനും ഭാവിയിലെ വർദ്ധിച്ച ഊർജ്ജ ആവശ്യങ്ങൾ കണക്കിലെടുത്ത് കൂടുതൽ ഊർജ്ജ ഉല്പാദനം ലക്ഷ്യമിട്ട് ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കാവുന്ന ഊർജ്ജം എത്രയാണെന്നതു സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രതിവർഷ ജലവിഭവ ലഭ്യതയും വൈദ്യുതി ഉല്പാദനവും തമ്മിലുള്ള അന്തരം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം നദികളിൽനിന്നുള്ള ജലസമ്പത്താണ് ചൂഷണം ചെയ്യപ്പെടാതെ പാഴായിപ്പോകുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സൗരോർജ്ജ വൈദ്യുതോല്പാദന പദ്ധതി**

3550 ശ്രീ. പി.സി. ജോർജ്
'' എം.വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന സൗരോർജ്ജ വൈദ്യുതോല്പാദന പദ്ധതി ഏത് ഘട്ടം വരെയായി, വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വീടുകൾതോറും സൗജന്യമായി സോളാർ പാനലുകൾ നല്കുന്ന പദ്ധതി നടപ്പിലാക്കി തുടങ്ങിയോ; വിശദാംശം നല്കുമോ;

(സി) സോളാർ പാനലുകളുടെ വിതരണം വ്യാപകമാക്കുക വഴി പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം</u>

3551 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
'' എ. കെ. ബാലന്‍
'' കെ. സുരേഷ് കുറുപ്പ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രസരണനഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേല്‍ക്കുമ്പോള്‍ പ്രസരണ നഷ്ടം എത്രയായിരുന്നെന്നും ഇപ്പോള്‍ അത് എത്ര ശതമാനമാണെന്നും വിശദമാക്കാമോ ;

(സി) പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്രസര്‍ക്കാരില്‍നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത് ;

(ഡി) പ്രസരണനഷ്ടം ഒഴിവാക്കുന്നത് ഉള്‍പ്പെടെ നടപ്പിലാക്കാന്‍ ഉദ്ദേശിച്ച് മുന്‍ഗവണ്‍മെന്റിന്റെ കാലത്തുള്ള ആര്‍. എ. പി. ഡി. ആര്‍. പി. പദ്ധതിയുടെ ടെന്‍ഡര്‍ ഹൈക്കോടതി അംഗീകരിച്ച സാഹചര്യത്തില്‍ ഇക്കാര്യത്തില്‍ എന്ത് നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ചെറുകിട വൈദ്യുതി ഡാമുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

3552 ശ്രീ. ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വൈദ്യുതി ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) തീവ്രവാദ ഭീഷണിയുണ്ടെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത്തരം ഡാമുകൾക്ക് സുരക്ഷാ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(സി) ആയതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം - ജീവനക്കാരുടെ സംഘടനകളുമായുള്ള കരാർ**

3553 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നതിന് സർക്കാരും ബോർഡ് ജീവനക്കാരുടെ നിലവിലുള്ള സംഘടനകളും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കമ്പനിവൽക്കരണത്തിലൂടെ ജീവനക്കാർക്ക് ജോലിയും പെൻഷൻകാർക്ക് പെൻഷനും നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര ജീവനക്കാരേയും പെൻഷൻകാരേയും ഇത് ബാധിക്കാനിടയുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.ഇ.ബി കമ്പനിയായി മാറ്റാൻ സ്വീകരിച്ച നടപടി</u>**

**3554 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് കമ്പനിയായി മാറ്റുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; കെ.എസ്.ഇ.ബി യുടെ ഇപ്പോഴത്തെ ആസ്തി എത്ര കോടി രൂപയായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>ബോർഡിന്റെ കമ്പനിവൽക്കരണവും ജീവനക്കാരും</u>**

**3555 ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് കമ്പനിവൽക്കരണ പ്രവർത്തികൾ ഏത് വരെ ആയെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ബോർഡ് കമ്പനിയാക്കുമ്പോൾ ജീവനക്കാരുടേയും പെൻഷൻ കാരുടേയും ആനുകൂല്യങ്ങൾ സംരംക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ബോർഡിന്റെ കമ്പനിവൽക്കരണവും ജീവനക്കാരും**

**3556 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതിബോർഡ് കമ്പനിയാക്കുവാനുള്ള നിർദ്ദേശം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ബോർഡിനെ കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ തൊഴിൽ വേതനം പെൻഷൻ എന്നിവ സംബന്ധിച്ച് എന്ത് തരത്തിലുള്ള ഗ്യാരണ്ടിയാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ഇ. ബി. ലിമിറ്റഡ് എന്ന പേരിൽ കമ്പനി**

3557 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഒരു കമ്പനി ആയിട്ടാണോ രൂപീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനിയുടെ ഷെയർ ഉടമകൾ ആരൊക്കെയാണെന്നും അവർക്ക് എത്ര ഷെയറുകൾവീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിലെ ആസ്തി സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മണ്ഡല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രവർത്തനങ്ങൾ**

3558 ശ്രീ. എ. പ്രദീപ്കുമാർ
,, ജെയിംസ് മാത്യു
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി മുൻസർക്കാർ ആവിഷ്കരിച്ച മണ്ഡല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മണ്ഡലങ്ങൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മണ്ഡലങ്ങളിലും എത്ര ജില്ലകളിലുമാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയത് ;

(ഡി) മണ്ഡല വൈദ്യുതീകരണത്തിന് എം.എൽ.എ./എം.പി. ഫണ്ട് നൽകിയിട്ടും പദ്ധതി നടപ്പിലാക്കാത്ത ഏതെങ്കിലും മണ്ഡലങ്ങൾ ഉണ്ടോ ; എങ്കിൽ ഇവിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>നാളേക്കിത്തിരി ഊർജ്ജം</u>**

**3559** ശ്രീ. ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'നാളേക്കിത്തിരി ഊർജ്ജം' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) എല്ലാ വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ഉല്പാദന മേഖലയിൽ പുതിയ പദ്ധതികൾ**

3560 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ഹംസ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2006 മേയ് മാസത്തിനും 2011 മേയ് മാസത്തിനുമിടയിൽ വൈദ്യുതി ഉല്പാദന മേഖലയിൽ ഏതെല്ലാം പുതിയപദ്ധതികൾക്ക് രൂപം നൽകി; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ അനുമതി ലഭിച്ചു;

(ബി) ഈ കാലയളവിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ ഉദ്ഘാടനം നടന്നു എന്നും ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും ഈ പദ്ധതികളുടെ ഉല്പാദന ശേഷി എത്രയാണെന്നും ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചുവെന്നും ഓരോ പദ്ധതിയുടെയും അടിസ്ഥാനത്തിൽ വിവരങ്ങൾ നല്കുമോ;

(ഡി) 2011 മേയ് മാസത്തിനുശേഷം വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സൗരോർജ്ജ വിളക്കുകൾ</u>**

3561 **ശ്രീ. അൻവർ സാദത്ത്**
**,, വി. പി. സജീന്ദ്രൻ**
**,, എം. പി. വിൻസെന്റ്**
**,, ലൂഡി ലൂയിസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി ജയിലുകളിലും മുൻസിപ്പാലിറ്റികളിലും സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുമോ:

(ബി) വീടുകളിൽ സൗരോർജ്ജപാനലുകളും ഇൻവെർട്ടറുകളും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**'സൗരഗൃഹ പദ്ധതി'**

3562 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റ് പ്രഖ്യാപനത്തിൽ 10,000 വീടുകളുടെ മേൽക്കൂരകളിൽ സൗര വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് നൽകുന്നതിനും ഉദ്ദേശിച്ചുളള 'സൗരഗൃഹ പദ്ധതി' യുടെ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടു ളളതെന്നും, പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുളളതെന്നും വ്യക്തമാക്കുമോ ;

(സി) കോങ്ങോട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നുളള വിവരം വ്യക്തമാ ക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി.യ്ക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക**

3563 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യ്ക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ പൊതുമേഖല, സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ നിന്നും 2011-2012 വർഷത്തിൽ കിടിശ്ശികയായി എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു;

(ബി) കെ.എസ്.ഇ.ബി.യ്ക്ക് എത്ര കോടി രൂപ 2011-2012 കുടിശ്ശികയത്തിൽ പിരിഞ്ഞു കിട്ടി; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി യക്ക് പിരിഞ്ഞുകിട്ടാനുള്ള തുക**

3564 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും എസ്.ഇ.ബി.ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അഞ്ച് ലക്ഷത്തിലധികം കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും പേരും അഡ്രസും വ്യക്തമാക്കുമോ;

(സി) ഈ തുക പിരിച്ചെടുക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും**

3565 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളിലും വൈദ്യുതി ചാർജ് ഇനത്തിൽ ഏറ്റവും കൂടുതൽ കാലം കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനം ഏതൊന്നും, എത്ര കാലത്തെ കുടിശ്ശികയാണു നൽകേണ്ടതെന്നും വ്യക്തമാക്കുമോ ;

(ബി) ഏറ്റവും അധികം തുക കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനം ഏതെന്നു വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ബോർഡിന്റെ മൊത്തം ആസ്തിയുടെ എത്ര ശതമാനമാണു കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുളളതെന്നു വ്യക്തമാക്കുമോ ;

(ഡി) ദീർഘകാലമായി വൻതുക കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള സാഹചര്യത്തിൽ ഓരോ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും പ്രതീക്ഷിത വൈദ്യുതി ചാർജ്ജ് വിഹിതം അതതു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുവാനും പ്രസ്തുത തുക ട്രാൻഫർ ക്രെഡിറ്റ് ആയി വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിലേക്ക് മാറ്റികൊടുക്കുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ കുടിശ്ശിക ഈടാക്കൽ</u>

3566 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡിന് ലഭിക്കേണ്ട ഏറ്റവും ഭീമമായ കുടിശ്ശികത്തുക സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുമാണെന്ന് ഈ സർക്കാരിന് ബോധ്യമുണ്ടോ ;

(ബി) ഗാർഹിക ഉപഭോക്താക്കളുടെ പക്കൽനിന്നും കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വരുത്താത്ത സർക്കാർ എന്തുകൊണ്ട് സ്വകാര്യസ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നുതെന്നറിയിക്കുമോ ;

(സി) മൊബൈൽ കമ്പനികൾ വൈദ്യുതിബോർഡിന് നൽകേണ്ട കുടിശ്ശികത്തുക അവർ പരസ്യത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവാണെന്ന് സർക്കാരിന് ബോദ്ധ്യമുണ്ടോ ;

(ഡി) എങ്കിൽ എന്താണെന്ന് അവരിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള സാങ്കേതിക തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ഇ) ബോർഡിന്റെ കുടിശ്ശികത്തുക പിരിക്കുന്നതിന് മാത്രമായി എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ ;

(എഫ്) ഇല്ലായെങ്കിൽ അത്തരമൊരു സംവിധാനത്തിനുള്ള ക്രമീകരണം ഉണ്ടാക്കുന്നതിന് സമയബന്ധിതമായി ശ്രമമുണ്ടാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

## കുടിശ്ശിക പിരിക്കുന്നതിന് ഒരേ നയം

3567

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡിന് എന്ത് തുക കുടിശ്ശികയായി നൽകുനാവുണ്ടെന്ന് അറിയിക്കുമോ;

(ബി) ഗാർഹിക ഉപഡോക്താക്കളിൽ നിന്നും ഈടാക്കുന്ന രീതിയിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ് ഈടാക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ബോർഡിന്റെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ഡി) എങ്കിൽ ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക വസൂലാക്കുന്നതിന് പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.സി.സി. യിൽ നിന്നും സർക്കാരിന് ലഭിക്കേണ്ട കുടിശ്ശിക ത്തുക**

3568 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ജി.എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തീരുവ, സംസ്ഥാന നികുതി, മറ്റിനം നികുതി, സർചാർജ് എന്നീ ഇനങ്ങളിലായി വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പിരിച്ചെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകയിൽ സർക്കാരിന് ലഭിക്കേണ്ട തുക എത്രയാണ്; ഇതിൽ എന്തു തുക ലഭിച്ചു എന്നു വ്യക്തമാക്കാമോ;

(സി) പലിശയും കുടിശ്ശികയുമടക്കം ഇനി എന്ത് തുക ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുണ്ട്;

(ഡി) പ്രസ്തുത തുക ഈടാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം**

**3569**

**ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുന്നതിന് നിലവിലുളള തടസ്സമെന്താണ്;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കി എല്ലാവിഭാഗം ഉപഭോക്താക്കൾക്കും ഈ സംവിധാനം നടപ്പിലാ,ക്കി തുടങ്ങുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ഉപഭോക്താക്കൾക്കായി വെബ്സൈറ്റ്**

3570 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് പരാതി നൽകുന്നതിനായി വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വെബ്സൈറ്റ് മുഖേന ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(സി) വെബ്സൈറ്റ് മുഖേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പു കല്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് വൈദ്യുതി ബോർഡ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ഉപഭോക്താക്കളുടെ പരാതി</u>

3571 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) 2011 മേയ് പത്തിനുശേഷം വൈദ്യുതി അദാലത്തുകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അദാലത്തിൽ ലഭിച്ച പരാതികളുടെ എണ്ണവും അതിൽ പരിഹരിച്ച പരാതികളുടെ എണ്ണവും ജില്ല തിരിച്ച് നൽകാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സ്ലാബ് സമ്പ്രദായം**

**3572 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 300 യൂണിറ്റിന് മുകളിൽ ഗാർഹിക വൈദ്യുതി ഉപഭോഗം വർദ്ധിച്ചാൽ ഓരോ യൂണിറ്റിനും ഉപഭോക്താവ് 10 രൂപ സർച്ചാർജ്ജ് അടയ്ക്കണമെന്ന് നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഗാർഹിക വൈദ്യുതി ഉപഭോക്തൃ നിരക്കുകൾ സ്ലാബ് അടിസ്ഥാനത്തിലാണോ നിശ്ചയിച്ചിട്ടുളളത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വാർഷിക വൈദ്യുത ഉപയോഗം**

3573 **ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പ്രതിവർഷം കേരളത്തിന്റെ വൈദ്യുതി ഉപയോഗം എത്ര മെഗാവാട്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ബി) ഇതിൽ എത്ര മെഗാവാട്ട് ഉത്പാദിപ്പിക്കപ്പെടുന്നു ;

(സി) ശേഷിക്കുന്ന വൈദ്യുതിക്ക് ആരെയൊക്കെയാണ് ആശ്രയിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**പുതുതായി കമ്മീഷൻ ചെയ്യുന്ന ജലവൈദ്യുത പദ്ധതികൾ**

**3574 ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്; അവ ഏതൊക്കെയാണ് ;**

(ബി) **ഇവയിലൂടെ സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു;**

(സി) **പുതുതായി എത്ര ജലവൈദ്യുത പദ്ധതികളാണ് കമ്മീഷൻ ചെയ്യാനുള്ളത്; അവ ഏതൊക്കെ;**

(ഡി) **ഇവയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത്;**

(ഇ) **ഈ പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ജലസംഭരണികളുടെ വൈദ്യുതി ഉല്പാദനശേഷി**

3575

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട ജലസംഭരണികളിൽ 20-6-2012 ആകുമ്പോഴേയ്ക്കും എത്ര ദിവസം വൈദ്യുതി ഉല്പാദിപ്പിക്കാൻ ആവശ്യമായ വെള്ളം ഉണ്ടാകുമെന്നാണ് വിലയിരുത്തയിരിക്കുന്നത്;

(ബി) എങ്കിൽ ഇതിൽ നിന്നും പരമാവധി എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രതിദിനം ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ ജലസംഭരണികളിൽ നിന്നുമാണ് കെ. എസ്. ഇ. ബി. വൈദ്യുതി ഉല്പാദിപ്പിക്കുന്നതെന്നും പ്രസ്തുത സംഭരണികളിൽ നിന്നും പ്രതിദിനം എത്രയൂണിറ്റ് വൈ ദ്യുതി വീതമാണ് ഉല്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പാരമ്പര്യേതര ഊര്‍ജ്ജ ഉല്പാദനവും ഉപഭോഗവും**

**3576** **ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പാരമ്പര്യേതര ഊര്‍ജ്ജ ഉല്പാദനവും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ ;

(ബി) സൗരോര്‍ജ്ജ പാനലുകളും വിന്‍ഡ് മില്ലുകളും സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും വ്യക്തിഗത ആനുകൂല്യങ്ങളോ സബ്സിഡിയോ നല്‍കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ചെറുകിട വൈദ്യുതി ഉല്പാദന പദ്ധതികൾ**

**3577 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ബോർഡിന്റെ പദ്ധതികൾക്ക് പുറമേ കാറ്റിൽനിന്നും ചെറുകിട ജലപദ്ധതികളിൽനിന്നും വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി 2011-12 വർഷത്തെ ബജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നു; അതിൽ എത്ര രൂപാ ചെലവാക്കി;വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>തിരമാലയിൽ നിന്ന് വൈദ്യുതി</u>

3578 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സംവിധാനം എവിടെയെല്ലാമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി എവിടെയെങ്കിലും പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലുള്ള പദ്ധതി പ്രദേശങ്ങളിൽ വച്ച് എവിടെ നിന്നാണ് കൂടുതൽ വൈദ്യുതി ലഭിക്കുന്നത്;

(ഡി) വിഴിഞ്ഞം പദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദനം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) വിഴിഞ്ഞത്ത് വൈദ്യുതി ഉല്പാദനത്തിനാവശ്യമായ നൂതന യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്**

3579 ശ്രീ. പാലോട് രവി
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.ഇ.ബി.യുടെ പോസ്റ്റിൽ കൂടി കേബിൾ വലിക്കുന്നതിനുള്ള കരാർ</u>**

3580 **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ പോസ്റ്റിൽകൂടി കേബിൾ വലിക്കുന്നതിന് കേബിൾ ടി.വി. കമ്പനികളും കെ.എസ്.ഇ.ബി.യും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ കേബിൾ ടി.വി. കമ്പനികളുമായാണ് കെ.എസ്.ഇ.ബി. കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും ഓരോ കമ്പനിയും വാടകയിനത്തിൽ കെ.എസ്.ഇ.ബി.ക്ക് എത്ര തുക വീതം അടയ്ക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വടുവൻചാൽ - കൊളഗപ്പാറ റോഡിന് നടുവിലെ വൈദ്യുതി പോസ്റ്റ്**

3581 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വടുവൻചാൽ - കൊളഗപ്പാറ റോഡിന് നടുവിലായി സ്ഥാപിച്ചിട്ടുള്ള വൈദ്യുതി പോസ്റ്റുകൾ ഗതാഗത തടസ്സമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ. എസ്. ഇ. ബി.യ്ക്ക് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യുത പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ**

3582 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ എത്ര തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത തടി പോസ്റ്റുകൾ എന്ത് ചെയ്തെന്ന് വ്യക്തമാക്കുമോ ;

(സി) തടി പോസ്റ്റുകൾ ലേലം ചെയ്ത് വിറ്റുവെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>പെരിങ്ങൽകുത്തിലെ ജനറേറ്ററുകൾ</u>**

**3583 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റിവർ ഡൈവർഷൻ സ്കീം പ്രകാരമുള്ള ഇടതുകര-വലതുകര കനാലുകളിൽ വേനൽകാലങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി പെരിങ്ങൽകുത്തിലെ ജനറേറ്ററുകൾ പകലും രാത്രിയും ഒരേ പോലെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

<u>ശബരിമലയിലെ വൈദ്യുതി വിതരണം</u>

3584 ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിയ്ക്കാമോ;

(സി) ഇതുസംബന്ധിച്ച പദ്ധതിരേഖ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വികലാംഗരുടെ കുടുംബത്തിന് സൗജന്യമായി വൈദ്യുതി കണക്ഷന്‍**

3585 **ശ്രീ. ഇ. ചന്ദ്രശേഖരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വികലാംഗര്‍ ഉള്‍പ്പെടുന്ന കുടുംബത്തിന് സൗജന്യമായി വൈദ്യുതി കണക്ഷന്‍ നല്‍കുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നുവോ എന്നറിയിക്കാമോ;

(ബി) ഇപ്പോള്‍ അങ്ങിനെയൊരു പദ്ധതി നിലവിലുണ്ടോ എന്നറിയിക്കാമോ;

(സി) ഇല്ലെങ്കില്‍ വികലാംഗര്‍ ഉള്‍പ്പെടുന്ന കുടുംബത്തിന് സൗജന്യമായി വൈദ്യുതി കണക്ഷന്‍ നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 26.06.2012 -ലെ മറുപടിക്ക്

**എസ്.സി./എസ്.ടി വിഭാഗക്കാര്‍ക്കും വികലാംഗര്‍ക്കും വൈദ്യുതി കണക്ഷന്‍**

3586 **ശ്രീ. എ. എ. അസീസ്**
**,, കോവൂര്‍ കുഞ്ഞുമോന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവര്‍ക്കും വികലാം ഗര്‍ക്കും സൗജന്യമായി വൈദ്യുതി കണക്ഷന്‍ നല്‍കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ പ്രസ്തുത പദ്ധതി സംബന്ധിച്ച ഉത്തരവ് ഇറങ്ങിയത് എന്നാണ് ; പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>എസ് സി/എസ് ടി വിഭാഗക്കാർക്ക് സൗജന്യ വൈദ്യുതി വിതരണം</u>**

3587 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഇലക്ട്രിക് പോസ്റ്റ് സൗജന്യമായി നൽകി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പോസ്റ്റ് കിട്ടാത്തതു മൂലം കണക്ഷൻ ലഭിക്കാത്ത എസ് സി/എസ് ടി വിഭാഗത്തിൽപെട്ട എത്ര ഗുണഭോക്താക്കളുടെ അപേക്ഷ കെട്ടി കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) എസ് സി/എസ് ടി വിഭാഗക്കാർക്ക് സൗജന്യ വൈദ്യുതി വിതരണം എന്ന പദ്ധതിക്ക് അംഗീകാരം നൽകുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**വൈദ്യുതി കണക്ഷൻ- തടസ്സങ്ങൾ**

3588 **ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 01-04-2011 മുതൽ അപേക്ഷിച്ചവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്ന് പ്രസ്തുത കണക്ഷൻ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ബി.പി.എൽ, എസ്സി/എസ്ടി വിഭാഗങ്ങളിൽപ്പെട്ടവർ കാൻസർ രോഗികൾ എന്നിവർക്ക് പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മുൻഗണനാക്രമം നിലവിലുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദവിവരം നല്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുത അപകടങ്ങൾ ഒഴിവാക്കാൻ നടപടി</u>

3589 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര വൈദ്യുത അപകടങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) പ്രസ്തുത അപകടങ്ങളിൽ മരിച്ചവർ എത്ര ; പരിക്കേറ്റവർ എത്ര ; വാർഷിക കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇവരിൽ വൈദ്യുതി ജീവനക്കാർ, കരാർതൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവരെത്രയെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ;

(ഡി) വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊള്ളുന്നത് ;

(ഇ) വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകളിൽ അപകടം ഒഴിവാക്കുന്നതിന് എന്തെല്ലാം സുരക്ഷാ ഉപകരണങ്ങളാണ് നിലവിലുള്ളതെന്നും, ഈ കാലയളവിൽ ഏതെല്ലാം സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(എഫ്) അതിന് ഓരോ ഇനത്തിലും എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ലൈനിൽ തട്ടിയുള്ള മരണവും നഷ്ടപരിഹാരവും**

**3590 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-ൽ വൈദ്യുതിലൈനിൽ തട്ടി എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം മരണം സംഭവിച്ച പൊതുജനങ്ങൾക്ക് ബോർഡ് നഷ്ടപരിഹാരം നൽകുന്നുണ്ടോ;

(സി) എങ്കിൽ പരമാവധി എത്ര രൂപയാണ് ഓരോ അപകടമരണങ്ങൾക്കും നഷ്ടപരിഹാരമായി നൽകിവരുന്നത്; പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇപ്രകാരം അപകടമരണത്തിനുള്ള നഷ്ടപരിഹാരമായി 2011-ൽ എത്ര രൂപ നൽകി; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ ആർജിജിവിവൈ യുടെ ഗുണഭോക്താക്കൾ**

**3591 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ജില്ലകളിലാണ് ആർജിജിവിവൈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) മലപ്പുറം ജില്ലയിൽ ഈ പദ്ധതിക്ക് കീഴിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് എന്ത് മാനദണ്ഡമാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഇ) ഈ പദ്ധതി വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>അനുമതി നൽകിയ ആർ.ജി.ജി.വി.വൈ. പ്രവൃത്തികൾ</u>

3592 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ. പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പണികൾ ഏത് തീയതിയ്ക്കകമാണ് പൂർത്തീകരിക്കേണ്ടതെന്ന് അറിയിക്കാമോ ;

(സി) ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവ എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**ആർ.ജി.ജി.വി.വൈ പദ്ധതി**

**3593 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ആകെ എത്ര ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ഇത് പ്രകാരമുള്ള എത്ര അപേക്ഷകൾ ഇനി പരിഗണിയ്ക്കാനുണ്ട്;

(സി) പ്രസ്തുത പദ്ധതി പ്രകാരം പരമാവധി എത്ര പോസ്റ്റുകൾ സൗജന്യമായി സ്ഥാപിച്ച് കണക്ഷൻ നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ആർ. ജി. ജി. വി.വൈ പദ്ധതികൾ പ്രവൃത്തികൾ</u>

3594 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ആർജിജിവിവൈ പദ്ധതി പ്രവൃത്തികൾ ഏത് കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**ആർ. എ. പി. ഡി. ആർ. പി. പദ്ധതിയുടെ പൂർത്തീകരണം**

**3595 ശ്രീ. കെ. എൻ. എ. ഖാദർ**
**,, എൻ. ഷംസുദ്ദീൻ**
**,, കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ശൃംഖലയുടെ പരിഷ്കാരങ്ങൾ റീസ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രം അഥവാ ആർ. എ. പി. ഡി. ആർ. പി. പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശവും പ്രവർത്തനം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) അഞ്ചു വർഷക്കാലാവധിക്കുള്ളിൽ എത്ര ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കാൻ വിഭാവനം ചെയ്തിട്ടുള്ളതെന്നും, എന്തുതുകയാണ് സംസ്ഥാനത്തിന് വിഹിതമായി ലഭിക്കാവുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ആദ്യഘട്ടം യഥാസമയം പൂർത്തിയാക്കാൻ കഴിയുമോ എന്നും യഥാസമയം ഒന്നാംഘട്ടം പൂർത്തിയായില്ലെങ്കിൽ പദ്ധതി തന്നെ നഷ്ടപ്പെടുമെന്നും ലഭിച്ച തുക തിരിച്ചടയ്ക്കേണ്ടിവരുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ആർ. എ. പി, ഡി. ആർ. പി. പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾ**

**3596 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ. എ. പി, ഡി. ആർ.പി പദ്ധതി പ്രകാരം അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ പ്രദേശങ്ങളിൽ 21.9 കി. മി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ള 5.46 കോടി രൂപയ്ക്കുള്ള പ്രവർത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും കത്തുകളുടെയും വിശദാംശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**അമ്പലപ്പുഴ കട്ടക്കുഴി മേഖലയിലെ വോൾട്ടേജ് ക്ഷാമം**

**3597** **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കട്ടക്കുഴി മേഖലയിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) സുനാമി ഫണ്ട് ഉപയോഗിച്ച് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിൽ എത്ര ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും അറിയിക്കുമോ;

(ഡി) കട്ടക്കുഴി മേഖലയിൽ വോൾട്ടേജ് ക്ഷാമം ഉണ്ടാകാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോമറുകൾ</u>**

**3598 ശ്രീ. മുല്ലക്കര രത്നാകരൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **ചടയമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2011 മേയ് മുതൽ 2012 മേയ് വരെയുള്ള കാലയളവിൽ എത്ര പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;**

(ബി) **പ്രസ്തുത ട്രാൻസ്ഫോമറുകളുടെ സെക്ഷൻ ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ**

3599 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം മണ്ഡലത്തിലെ ഓരോ സെക്ഷനു കീഴിലും ഏതെല്ലാം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുളളതെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) എന്നു മുതലുള്ള പദ്ധതികളാണ് നാളിതുവരെ പണി പൂർത്തീകരിക്കാത്തതെന്നും അവ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്ത മാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര 11 കെ.വി ലൈനുകൾ വലിച്ചു. അവ ഏതെല്ലാമെന്നും എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു; അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) എത്ര കൺവേർഷൻ കേസുകൾ ഉണ്ടായിരുന്നുവെന്നറിയിക്കുമോ;

(ഇ) ഓരോ പദ്ധതി പ്രകാരം എത്ര ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ**

3600 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കാരാട്, പുളിക്കൽ, കൊണ്ടോട്ടി, എടവണ്ണപ്പാറ എന്നീ സെക്ഷൻ ഓഫീസുകളിൽ 2010, 2011 വർഷങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വർക്കുകൾക്ക് അനുമതി നല്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രയോജനം എത്രപേർക്ക് ലഭിക്കുന്നുണ്ട് ;

(സി) അനുമതി നല്കിയ എത്ര പ്രവൃത്തികൾ അതാത് വർഷം പൂർത്തിയാക്കിയെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടെന്നും സെക്ഷൻ തിരിച്ച് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചുവെന്നും എത്ര ദൂരം 11 കെ.വി. ലൈൻ വലിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി വിശകലനം ചെയ്യുന്നതിനും പദ്ധതിപ്രകാരമുള്ള പ്രവൃത്തികളിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ക്വാര്‍ട്ടേഴ്സുകള്‍ അനുവദിക്കാന്‍ നടപടി</u>

3601

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡ് വക സബ്സ്റ്റേഷനുകളില്‍ ജോലി ചെയ്യുന്ന ജീവനക്കാര്‍ക്ക് ഇപ്പോള്‍ ഷിഫ്റ്റ് സമ്പ്രദായം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ ഏതൊക്കെ സമയങ്ങളിലായാണ് ഇത് ഏര്‍പ്പെടുത്തിയിട്ടുളളത് എന്നും ഏതൊക്കെ വിഭാഗം ജീവനക്കാര്‍ക്കാണ് ഷിഫ്റ്റ് ബാധകമാക്കിയിട്ടുളളതെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ സബ് സ്റ്റേഷനുകളില്‍ ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കുന്നുണ്ട്;

(സി) ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കുമ്പോള്‍ രണ്ടാം ഷിഫ്റ്റിലും രാത്രിയിലും ജോലി നേക്കേണ്ടിവരുന്ന വതിനാ ജീവനക്കാര്‍ക്കായി എന്തൊക്കെ സൗകര്യങ്ങളാണ് സബ് സ്റ്റേഷനുകളില്‍ ലഭ്യമാക്കിയിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കിയിട്ടുളള ഏതൊക്കെ സബ് സ്റ്റേഷനുകളില്‍ ജീവനക്കാര്‍ക്ക് ക്വാര്‍ട്ടേഴ്സ് സംവിധാനമുണ്ട് എന്ന് പേരു സഹിതം വ്യക്തമാക്കാമോ;

(ഇ) ക്വാര്‍ട്ടേഴ്സുകള്‍ നിലവിലില്ലാത്ത സബ് സ്റ്റേഷനുകളില്‍ ജോലി നോക്കേണ്ടിവരുന്ന വനിതാ ജീവനക്കാര്‍ക്ക്, രണ്ടാം ഷിഫ്റ്റിലെ ജോലി അവസാനിപ്പിച്ചതിനുശേഷം വീടുകളിലേയ്ക്ക് മടങ്ങാന്‍ കഴിയാത്ത സാഹചര്യം ഉണ്ട് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**അങ്കമാലിയിൽ പുതിയ ഡിവിഷൻ ഓഫീസ്**

**3602** **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ഇലക്ട്രിക് ഡിവിഷന്റെ കീഴിലുള്ള ഉപഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് പ്രസ്തുത ഇലക്ട്രിക് ഡിവിഷൻ വിഭജിച്ച് അങ്കമാലി കേന്ദ്രമാക്കി ഒരു പുതിയ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**മോഡൽ സെക്ഷനാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

**3603 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ മോഡൽ സെക്ഷനാഫീസുകളായി പ്രഖ്യാപിക്കാറുണ്ടോ ; എങ്കിൽ എന്നു മുതലാണ് അപ്രകാരം ചെയ്യാൻ തുടങ്ങിയത് ;

(ബി) ഈ പദ്ധതികൊണ്ടുള്ള ഉദ്ദേശമെന്താണ് ; മോഡൽ സെക്ഷനാഫീസുകളുടെ ജില്ല തിരിച്ചുള്ള പേര് വിവരം വ്യക്തമാക്കാമോ ;

(സി) മറ്റ് സെക്ഷനാഫീസുകളിലെയും മോഡൽ സെക്ഷനാഫീസുകളിലെയും സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

(ഡി) മോഡൽ സെക്ഷനാഫീസുകളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**വൈദ്യുതി സെക്ഷൻ ഓഫീസുകൾ**

**3604 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിരുന്നു;

(ബി) പ്രസ്തുത ഓഫീസുകളിലേക്ക് എത്ര തസ്തികകൾ സൃഷ്ടിച്ചിരുന്നു; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ**

3605 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ പുതുതായി അനുവദിച്ചു എന്നും ഇതിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു എന്നും വെളിപ്പെടുത്തുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ സർക്കാർ അനുവദിച്ചതും ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതുമായ എത്ര സെക്ഷൻ ആഫീസുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) പേരാമ്പ്രയിൽ പുതുതായി അനുവദിച്ച സെക്ഷൻ ആഫീസ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) അവിടെ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചിട്ടുള്ളത് ;

(ഇ) പ്രസ്തുത ആഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി ജീവനക്കാരെ തരംതിരിച്ച നടപടി**

3606 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ജീവനക്കാരെ മോഡൽ സെക്ഷൻ ഓഫീസുകളിൽ മൂന്ന് വിഭാഗമാക്കി തരംതിരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവനക്കാരെ റവന്യൂ, ബ്രേക്ക്ഡൗൺ, മെയിന്റനൻസ് എന്നിങ്ങനെ തരംതിരിച്ചത് അവരുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൂട്ടുത്തരവാദിത്വത്തിന്റെ പേരിൽ ആർക്കും ഉത്തരവാദിത്വമില്ലാത്ത അവസ്ഥ സംജാതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ 3 വിംഗായി പ്രവർത്തിക്കുന്നത് 2 വിംഗാക്കി പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>പോട്ടയിലും കാടുകുറ്റിയിലും ഇലക്ട്രിക് സെക്ഷൻ ഓഫീസ്</u>**

**3607 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>താനൂർ സെക്ഷൻ വിഭജനം</u>

3608 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതി വിതരണം സുഗമമാക്കുന്നതിന് പുതിയ സെക്ഷൻ ഓഫിസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) 25000 ൽ അധികം ഉപഭോക്താക്കളുള്ള താനൂർ സെക്ഷൻ വിഭജിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന്
വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ വിഭജനം ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>മലപ്പുറം ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ</u>**

3609 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി.**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതുതായി സെക്ഷൻ ഓഫീസുകളോ, ഡിവിഷൻ ഓഫീസുകളോ ആരംഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) കൊണ്ടോട്ടി കേന്ദ്രമായി പുതിയ ഡിവിഷൻ ഓഫീസ് ആരംഭിക്കുമെന്ന പ്രഖ്യാപനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഏറനാട് മണ്ഡലത്തിലെ ഇലക്ട്രിക്കൽ സബ് സ്റ്റേഷനുകൾ**

3610 **ശ്രീ. പി.കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) ചാലിയാർ പഞ്ചായത്തിലെ അകമ്പാടത്ത് സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്ന നടപടി ഏതുഘട്ടംവരെയായി എന്ന് അറിയിക്കുമോ;

(സി) അത് പ്രാവർത്തികമാകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വാഹനങ്ങളില്ലാത്ത കെ.എസ്.ഇ.ബി. സെക്ഷന്‍ ഓഫീസ്**

**3611** **ശ്രീ. എന്‍. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്വന്തമായി വാഹനങ്ങളില്ലാത്ത എത്ര സെക്ഷന്‍ ഓഫീസുകള്‍ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാസര്‍ഗോഡ് നഗര പ്രദേശം ഉള്‍ക്കൊളളുന്ന നെല്ലിക്കുന്ന് സെക്ഷന്‍ ഓഫീസില്‍ വാഹനമോ, ആവശ്യത്തിന് ജീവനക്കാരോ ഇല്ലാത്തതിനാല്‍ യഥാസമയം അറ്റകുറ്റപ്പണികളും - മറ്റുകാര്യങ്ങളും നടത്താന്‍ സാധിക്കാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത കാരണങ്ങളാല്‍ വൈദ്യുതി മുടക്കം പതിവായ പ്രദേശങ്ങളില്‍ പൊതുജനം നേരിടുന്ന ദുരിതം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ആറ്റുകാൽ ദേവീക്ഷേത്രത്തോടനുബന്ധിച്ച് സബ്സ്റ്റേഷൻ**

**3612** **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ ആറ്റുകാൽ വാർഡിൽ സ്ഥിതി ചെയ്യുന്ന ആറ്റുകാൽ ദേവീ ക്ഷേത്രത്തോടനുബന്ധിച്ച് വൈദ്യുതിബോർഡിന്റെ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>കടപ്ര വളഞ്ഞവട്ടത്തെ 33 കെ. വി. സബ്സ്റ്റേഷൻ</u>**

**3613**

**ശ്രീ. മാത്യു റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തിരുവല്ലയിലെ കടപ്ര വളഞ്ഞവട്ടത്ത് നിർമ്മാണത്തിലിരിക്കുന്ന 33 കെ. വി. സബ്സ്റ്റേഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കാസർഗോഡ് 33 K.V. സബ്സ്റ്റേഷൻ</u>**

**3614** **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് 33 കെ. വി. സബ്സ്റ്റേഷൻ എന്നു കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>സബ് എഞ്ചിനീയർ ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം</u>**

**3615 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതി ബോർഡിലെ സബ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉൽപാദന പ്രസരണ വിതരണ മേഖല തിരിച്ച് നൽകാമോ;

(ബി) ഇപ്പോൾ വൈദ്യുതി ബോർഡിൽ ഉൽപാദന പ്രസരണ വിതരണമേഖലകളിൽ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(സി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ സബ് എഞ്ചിനീയർ ഒഴിവുകൾ നികത്തനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>കെ.എസ്.ഇ.ബി.യിൽ ജീവനക്കാരുടെ ഒഴിവുകൾ</u>**

**3616 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;**

(ബി) **കെ.എസ്.ഇ.ബി.യിൽ റിട്ടയർ ചെയ്ത എത്ര ജീവനക്കാർ തുടർന്നും ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ നിയമനം</u>**

**3617 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാങ്ക്ലിസ്റ്റുകൾ നിലനിൽക്കെ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ വൈദ്യുതി ബോർഡിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്താനാകാത്ത സ്ഥിതി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിലുള്ള ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡ് വഴി താൽക്കാലികമായി നികത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ടോ ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

(ഡി) നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>പ്രകൃതി വാതക വൈദ്യുത പദ്ധതികൾക്ക് അനുമതി</u>

3618 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി വാതക വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ അനുമതി നൽകേണ്ടതില്ലെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തിരുത്താൻ സംസ്ഥാനം കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം പദ്ധതികളെയാണ് ഈ തീരുമാനം പ്രതികൂലമായി ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ബയോഗ്യാസ് പ്ലാന്റുകൾ വഴി വൈദ്യുതി നിർമ്മാണം**

3619 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) ഇതിൽ നിന്നും ലഭിക്കുന്ന വൈദ്യുതി എങ്ങനെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കൊച്ചി മെട്രോ പദ്ധതിയിൽ സ്വകാര്യപങ്കാളിത്തം**

**3620 ഡോ. ടി. എം. തോമസ് ഐസക്**
**ശ്രീ. എസ്. ശർമ്മ**
**,, സാജു പോൾ**
**,, കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സർക്കാർ നിലപാട് വിശദമാക്കാമോ;

(ബി) പദ്ധതി ചെലവ് ഏതെല്ലാം രീതിയിലാണ് സ്വരൂപിക്കാനുദ്ദേശിക്കുന്നത്; മൊത്തം മുതൽ മുടക്ക് കണക്കാക്കിയിട്ടുണ്ടോ;

(സി) കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം എത്ര കോടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിദേശ വായ്പ എത്ര കോടിയാണ്;

(ഡി) പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; പ്രാരംഭ പ്രവൃത്തികളിൽ അവശേഷിക്കുന്നവ എന്തൊക്കെയാണ്?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>റെയിൽവേ വികസനം</u>**

**3621 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനത്തിന്റെ ഭാഗമായ 2012-13 വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ കേരളം നൽകിയിരുന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) അവയിൽ ഏതെല്ലാമാണ് അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന് ആനുപാതികമായി റെയിൽവേ കേരളത്തിൽ മുതൽമുടക്കു നടത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കാവൽക്കാരില്ലാത്ത ലവൽക്രോസ്സുകൾ</u>

**3622** **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാവൽക്കാരില്ലാത്ത എത്ര റെയിൽവേ ലെവൽ ക്രോസ്സുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) റെയിൽവേ ലൈനുകളിൽ മനുഷ്യ വിസർജ്ജ്യങ്ങൾ പുറന്തള്ളുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>ശബരി റെയിൽപ്പാതയ്ക്കുള്ള സ്ഥലമെടുപ്പ്</u>**

**3623** **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപ്പാതയ്ക്കുള്ള സ്ഥലമെടുപ്പിനായി ആരംഭിച്ച ഓഫീസുകൾ നിർത്തലാക്കുന്നതിന് റെയിൽവേ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**നേമം റെയിൽവേ സ്റ്റേഷന്റെ വികസനം**

**3624**

**ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം റെയിൽവേ സ്റ്റേഷന്റെ വികസനത്തിന് വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ കേന്ദ്ര ഗവൺമെന്റും റെയിൽവേയും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കൊല്ലം ജില്ലയിലെ പരവൂർ റെയിൽവേ സ്റ്റേഷന് 'ആദർശ് സ്റ്റേഷൻ' പദവി</u>**

**3625 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കേന്ദ്ര റെയിൽവേ ബജറ്റിൽ കൊല്ലം ജില്ലയിലെ പരവൂർ റെയിൽവേ സ്റ്റേഷനെ 'ആദർശ് സ്റ്റേഷൻ' പദവിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുളള പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രഖ്യാപനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) 'ആദർശ് സ്റ്റേഷൻ' പദവിയിലേയ്ക്ക് ഉയർന്നതുമൂലം എന്തൊക്കെ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് പ്രസ്തുത സ്റ്റേഷനിൽ നടപ്പിലാക്കുന്നത് ; പരവൂർ സ്റ്റേഷന്റെ നവീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസങ്കടി, ഉപ്പള, കുമ്പള റെയിൽവേ മേൽപ്പാലങ്ങൾ**

**3626 ശ്രീ. പി.ബി അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസങ്കടി, ഉപ്പള, കുമ്പള എന്നീ റെയിൽവേ മേൽപാലങ്ങൾക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേൽ പാലങ്ങൾക്കായി കേന്ദ്ര സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേൽ പാലങ്ങൾ യാതാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>റെയിൽവേ പോലീസിലെ ജീവനക്കാരുടെ എണ്ണം</u>**

**3627 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മിനിസ്റ്റീരിയൽ ജീവനക്കാരടക്കം എത്ര പോലീസ് ഉദ്യോഗസ്ഥരാണ് റെയിൽവേ പോലീസിൽ ഉളളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ശമ്പളവും, ആനുകൂല്യങ്ങളും അടക്കം ചെലവിന്റെ എത്ര ശതമാനമാണ് റെയിൽവേ വഹിക്കേണ്ടത്;

(സി) തീവണ്ടികളിൽ യാത്രക്കാരുടെ സുരക്ഷാ ചുമതല വഹിച്ച ഇനത്തിൽ കേരളത്തിന് റെയിൽവേ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 26.06.2012 -ലെ മറുപടിക്ക്

**തീവണ്ടികളിൽ വനിതാ യാത്രക്കാരുടെ സുരക്ഷ**

**3628 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം തീവണ്ടികളിൽ വനിതായാത്രക്കാർക്കു നേരെ എത്ര കയ്യേറ്റങ്ങളും അതിക്രമങ്ങളുമാണ് ഉണ്ടായിട്ടുള്ളത്;**

(ബി) **വനിതാ കോച്ചുകളിൽ വനിതാ സുരക്ഷാംഗങ്ങളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വനിതാ കമ്പാർട്ടുമെന്റുകൾ കൂടുതൽ ജനശ്രദ്ധ പതിയുന്ന ഭാഗത്ത് ഘടിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ?**

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് നിന്നും കൂടുതൽ ട്രെയിൻ സർവ്വീസുകൾ**

**3629 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാറിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാന നഗരിയിലെത്തുന്നവർ അനുഭവിക്കുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്കും ബാംഗ്ലൂരിലേക്കും ചെന്നൈയിലേക്കും കൂടുതൽ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) കൂടുതൽ തിരക്കനുഭവപ്പെടുന്ന നിയമസഭാ സമ്മേളന കാലയളവുകളിൽ മലബാറിൽ നിന്നുള്ള ട്രെയിനുകളിൽ അധിക കോച്ചുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് നടപടികൾ**

3630 ശ്രീ. എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് പറയാമോ;

(ബി) എങ്കിൽ ഇതിനായി ഇടത്തട്ടുകാരേയും ഏജന്റുമാരേയും ഒഴിവാക്കുന്ന കാര്യം പരിഗണിയ്ക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കമ്പ്യൂട്ടറൈസ്ഡ് വാഹന രജിസ്ട്രേഷൻ**

3631 ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മർ
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു നിരത്തിലോടുന്ന വാഹനങ്ങളെയും ഉടമകളെയും സംബന്ധിച്ച വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ കൈവശമുണ്ടോ; അവയെല്ലാം കമ്പ്യൂട്ടറൈസ്ഡ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ട്രാഫിക് കുറ്റങ്ങൾക്ക് വാഹനവകുപ്പിൽ ലഭ്യമായ അഡ്രസ്സിൽ നോട്ടീസ് അയച്ചപ്പോൾ വാഹന ഉടമകളല്ലാത്തവർക്കാണ് നോട്ടീസ് ലഭിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) വാഹനങ്ങളെയും ഉടമകളെയും സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് അപ്പ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>റഡാറുകൾ, ഇന്റർ സെപ്റ്ററുകൾ സ്പീഡ് ക്യാമറകൾ എന്നിവ കൂടുതൽ സ്ഥാപിക്കുവാൻ നടപടി</u>

3632 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കുവാൻ കൈ റഡാറുകൾ, ഇന്റർ സെപ്റ്ററുകൾ, സ്പീഡ് ക്യാമറകൾ എന്നിവ കൂടുതൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് ഈ സംവിധാനങ്ങൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ട്;

(സി) പ്രസ്തുത സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ എന്ത് മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിലെ സ്റ്റാഫിന്റെ എണ്ണം**

3633

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കൃത്യമായ വാഹന പരിശോധനയ്ക്കായി ആവശ്യത്തിന് സ്റ്റാഫ് മോട്ടോർ വാഹന വകുപ്പിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് സ്റ്റാഫിന്റെയും കേരളത്തിലെ മൊത്തം വാഹനങ്ങളും തമ്മിലുള്ള അനുപാതം എത്രയാണ്;

(സി) ഓരോ വർഷവും മോട്ടോർ വാഹന പരിശോധനയിലൂടെ എത്ര രൂപയാണ് സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്നത്;

(ഡി) ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയാണെങ്കിൽ വാഹന പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതിനും, അതിലൂടെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും കഴിയുമെന്നതിനാൽ സ്റ്റാഫിന്റെ എണ്ണം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സ്കൂൾ ബസ്സുകളുടെ ലൈസൻസിനുള്ള മാനദണ്ഡം**

**3634** **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സ്കൂൾ ബസ്സുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;**

(ബി) **ബസുകളുടെ കാലപ്പഴക്കം മൂലം അപകടസാധ്യത വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ഡിപ്പോകളുടെ നവീകരണം**

3635 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ കെ.എസ്.ആർ.ടി.സി ഡിപ്പോകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദീകരണം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി ഡിപ്പോകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ പേ ആൻഡ് യൂസ് ശൗചാലയങ്ങൾ വൃത്തിഹീനമായി കിടക്കുന്നത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ വാർഷിക നഷ്ടം**

3636 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ വാർഷിക നഷ്ടം എത്ര; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഗ്ലോബൽ പൊസിഷണിംഗ് സമ്പ്രദായം**

**3637 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ വഴി കെ.എസ്.ആർ.ടി.സി ബസ് സമയം അറിയുന്നതിനുള്ള സമ്പ്രദായം ഏതെല്ലാം ഡിപ്പോകളിൽ നിന്നും പുറപ്പെടുന്ന ബസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഗ്ലോബൽ പൊസിഷനിംഗ് സമ്പ്രദായം കെ.എസ്.ആർ.ടി.സി യിൽ നടപ്പാക്കാൻ കഴിഞ്ഞ വർഷം എന്ത് തുക ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത തുക ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സീസൺ ടിക്കറ്റ്**

**3638**

**ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സീസൺ ടിക്കറ്റ് സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ, സംസ്ഥാന വ്യാപകമായി ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;**

(ബി) **പ്രസ്തുത സംവിധാനം പിൻവലിച്ചതാണെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;**

(സി) **പ്രസ്തുത സംവിധാനം കെ. എസ്. ആർ. ടി. സി. യ്ക്ക് ലാഭകരമായിരുന്നോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി. ആരംഭിച്ച പുതിയ സർവ്വീസുകൾ</u>**

**3639 ശ്രീ. കെ.എൻ.എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചു എന്ന് പറയാമോ;

(ബി) കെ.എസ്.ആർ.ടി.സി. പുതിയതായി വാങ്ങിയ ബസ്സുകൾ ഏതെല്ലാം ജില്ലകളിലേയ്ക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ബോഡി നിർമ്മാണം**

3640 **ശ്രീ.കെ.വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കെ.എസ്.ആർ.ടി.സി പുതിയ ബസ്സുകളുടെ ബോഡി നിർമ്മാണം സ്വകാര്യ സ്ഥാപനങ്ങളേയോ, കേരളത്തിനു പുറത്തോ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?**

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച പുതിയ ബസ്സുകൾ</u>**

**3641 ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച പുതിയ ബസ്സുകൾ എന്നുമുതൽ ഓടി തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) യാത്രാക്ലേശം ഏറെ അനുഭവിക്കുന്ന പ്രദേശമായതിനാൽ കാസർകോട് - ബദിയഡുക്ക - ബെളിഞ്ച റൂട്ടിലും, കാസർകോഡ് - മുള്ളേരിയ - കിന്നിങ്കാർ റൂട്ടിലും കെ. എസ്. ആർ. ടി.സി സർവ്വീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>കാസര്‍ഗോഡ് നിന്നും കൂടുതല്‍ അന്തര്‍ സംസ്ഥാന ബസ് സര്‍വ്വീസ്</u>**

**3642** **ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**അന്യസംസ്ഥാനത്തെയും അതിര്‍ത്തി ജില്ലകളിലേയും ബസ്സുകളെ ആശ്രയിച്ച് കഴിയുന്ന കാസര്‍ഗോഡ് ജില്ലക്കാര്‍ക്ക് കൂടുതല്‍ അന്തര്‍സംസ്ഥാന ബസ്സുകള്‍ അനുവദിക്കാന്‍ കെ.എസ്. ആര്‍.ടി.സി നടപടികള്‍ സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ അന്തർ സംസ്ഥാന സർവ്വീസുകൾ**

**3643** **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്തർ സംസ്ഥാന ബസ്സ് സർവ്വീസുകളെക്കുറിച്ച് വിലയിരുത്താറുണ്ടോ;

(ബി) കെ. എസ്. ആർ. ടി. സി. യുടെ അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം കുറവായതിനാൽ സ്വകാര്യ അന്തർ സംസ്ഥാന സർവ്വീസുകൾ യാത്രക്കാരിൽ നിന്നും വൻതുക ഈടാക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടിക്കറ്റുനിരക്കുകളിൽ ഏകീകരണമോ, നിയന്ത്രണമോ ഇല്ലാത്തതിനാലാണ് ഇത്തരം ആക്ഷേപം നിലനിൽക്കുന്നതെന്ന്
മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിൽ സൗജന്യപാസ്</u>

3644 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ സൗജന്യ യാത്രാപാസ് അനുവദിച്ചിട്ടുളളവരുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സൗജന്യ പാസ് അനുവദിച്ച ഇനത്തിൽ സർക്കാർ കെ. എസ്. ആർ. ടി. സി.ക്ക് എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ക്യാൻസർ രോഗികൾക്ക് കെ. എസ്. ആർ. ടി. സി. യിൽ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>നിലമ്പൂരിൽ ആർ. ടി. ഓഫീസ് ആരംഭിക്കുവാൻ നടപടി</u>

3645

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം താലൂക്കുകളിലാണ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ നിലവിലില്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ ആർ. ടി. ഓഫീസുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിലെ നിലമ്പൂരിലും പുതിയ ആർ. ടി. ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**സർവ്വീസ് നടത്താൻ യോജിച്ച കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

**3646 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് നിലവിൽ സർവ്വീസ് നടത്താൻ യോജിച്ച എത്ര ബസ്സുകൾ ഉണ്ടെന്ന് പറയുമോ;

(ബി) ഇതിൽ 10 വർഷത്തിലേറെ പഴക്കമുള്ളവ എത്രയെന്നും 5 വർഷത്തിന് താഴെ പഴക്കമുള്ളവ എത്രയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് - ബാംഗ്ലൂര്‍ റൂട്ടില്‍ കൂടുതല്‍ കെ.എസ്.ആര്‍. ടി.സി സെമി സ്ലീപ്പര്‍, സ്ലീപ്പര്‍ ബസുകള്‍ അനുവദിക്കാന്‍ നടപടികള്‍**

**3647 ശ്രീ. കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മലബാര്‍ മേഖലയിലെ യാത്രാക്ലേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ മലബാറിലെ ഗ്രാമീണ മേഖലകളില്‍ കൂടുതല്‍ കെ.എസ്.ആര്‍.ടി.സി ബസുകള്‍ അനുവദിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(സി) കോഴിക്കോട് - ബാംഗ്ലൂര്‍ റൂട്ടില്‍ കൂടുതല്‍ കെ.എസ്.ആര്‍.ടി.സി സെമി സ്ലീപ്പര്‍, സ്ലീപ്പര്‍ ബസുകള്‍ അനുവദിക്കാന്‍ വേണ്ടി നടപടികള്‍ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പുതിയതായി ആരംഭിച്ച അന്തർ സംസ്ഥാന ബസ്സ് സർവ്വീസുകൾ**

**3648 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അന്തർ സംസ്ഥാന ബസ്സ് സർവ്വീസുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) അതിൽ കെ.എസ്.ആർ.ടി.സി.യും സ്വകാര്യ സർവ്വീസുകളും എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കുത്തിയതോട് കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സ്റ്റേഷൻ**

**3649 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കുത്തിയതോട് കെ.എസ്.ആർ. ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് മുമ്പ് ഓപ്പറേറ്റിംഗ് സ്റ്റേഷനായി പ്രവർത്തിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ബസ്സുകൾ പരമാവധി അവിടെ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്നുവെന്ന് പറയാമോ;

(സി) ജനങ്ങളുടെ യാത്രാദുരിതം ലഘൂകരിക്കുന്നതിനായി കുത്തിയതോട് കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ഓപ്പറേറ്റിംഗ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 26.06.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിട്ടുള്ള രാജധാനി ബസുകൾ**

**3650** **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയതായി നിരത്തിലിറക്കിയ രാജധാനി ബസുകളിൽ തിരുവനന്തപുരം ജില്ലയിൽ ഇതുവരെ ഏതെല്ലാം ഡിപ്പോകൾക്കാണ് അനുവദിച്ചിട്ടുളളത്;

(ബി) ആയത് എത്രയെണ്ണം വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) അടുത്തതായി പരിഗണനയിലുളള ഡിപ്പോകൾ ഏതൊക്കെയാണെന്ന് മുൻഗണനാക്രമത്തിൽ അറിയിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. റിംഗ് റോഡ് സർവ്വീസ് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ**

3651 **ശ്രീ. റ്റി. വി. രാജേഷ്**
**,, എസ്. സത്യൻ**
**,, എസ്. രാജേന്ദ്രൻ**
**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യാത്രാ സൗകര്യം മെച്ചപ്പെടുത്താൻ ഗ്രാമങ്ങളേയും നഗരങ്ങളേയും ബന്ധപ്പെടുത്തി കെ. എസ്. ആർ. ടി. സി. റിംഗ് റോഡ് സർവ്വീസ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ പ്രസ്തുത സർവ്വീസ് എവിടെയൊക്കെയാണ് നടപ്പിലാക്കിയത്; റൂട്ട് നിശ്ചയിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(സി) റൂട്ട് നിശ്ചയിക്കുന്നതിലെ അപാകതകൾ കാരണം റിംഗ് റോഡ് സർവ്വീസ് നഷ്ടമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ചടയമംഗലത്തുനിന്നും കടയ്ക്കൽ വഴി തിരുവനന്തപുരത്തേയ്ക്ക് കെ.എസ്.ആർ.ടി.സി ഫാസ്റ്റ് പാസ്സഞ്ചർ ബസ് സർവ്വീസ്**

3652 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചടയമംഗലത്തുനിന്നും കടയ്ക്കൽ വഴി തിരുവനന്തപുരത്തേയ്ക്ക് രാവിലെയും വൈകിട്ടും കെ.എസ്.ആർ.ടി.സി.ഫാസ്റ്റ് പാസ്സഞ്ചർ ബസ് സർവ്വീസ് ആരംഭിയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ</u>**

**3653 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കുമോ;

(ബി) ഡിപ്പോയിൽ ഇപ്പോൾ എത്ര ബസുകളാണ് ഉപയോഗയോഗ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ ഡീസൽ പമ്പും വർക്ക്ഷോപ്പിൽ റാമ്പും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുവരുന്ന മുഴുവൻ സർവ്വീസുകളുടെയും വിശദവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**തില്ലങ്കേരി പഞ്ചായത്തിലെ മച്ചൂർ മലയിലേയ്ക്ക് കെ.എസ്. ആർ.ടി.സി. ബസ്സ് സർവ്വീസ്**

3654 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തില്ലങ്കേരി പഞ്ചായത്തിലെ ജനവാസകേന്ദ്രമായ മച്ചൂർ മലയിലേക്ക് മട്ടന്നൂർ-അച്ചല്ലൂർ-ശിവപുരം വഴി കണ്ണൂരിൽ നിന്നോ കൂത്തുപറമ്പ്-ഉരുവച്ചാൽ-ശിവപുരം വഴി തലശ്ശേരിയിൽ നിന്നോ കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ട് അനുവദിക്കുന്നതിലേക്കായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികൾ പൂർത്തിയാക്കി അടിയന്തിരമായി ബസ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ട്രാൻസ്പോർട്ട് ബസ്സുകൾ ഡിപ്പോയിൽ തന്നെ പാർക്ക് ചെയ്യാൻ നിർദ്ദേശം**

**3655 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസ്സുകൾ അവസാന റൂട്ട് പൂർത്തിയാക്കിയാൽ എല്ലാ ദിവസവും ഡിപ്പോയിൽ തന്നെ തിരിച്ചുവന്ന് പാർക്ക് ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരം നിർദ്ദേശിക്കപ്പെടുവാനുളള സാഹചര്യം വിശദമാക്കാമോ ;

(സി) പ്രസ്തുത നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ, പ്രാദേശികമായി വാഹനങ്ങൾ തിരികെ ഡിപ്പോയിലേയ്ക്കു കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇങ്ങനെയുളള നടപടികൾ ഉണ്ടാകാതിരിക്കാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക്</u>
<u>കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസ്</u>

3656 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ്, കാഞ്ഞങ്ങാട്, ചെറുപുഴ, ആലക്കോട്, ശ്രീകണ്ഠാപുരം, ഇരിട്ടി, മട്ടന്നൂർ എന്നിവിടങ്ങളിൽ നിന്ന് പരിയാരം മെഡിക്കൽ കോളേജിലേക്ക് കെ.എസ്.ആർ.ടി. സി ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>എടപ്പാളിൽ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ</u>**

**3657 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തൃശ്ശൂരിനും കോഴിക്കോടിനുമിടയിൽ ഹൈവേയുടെ ഓരത്ത് കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്ററോ ഡിപ്പോയോ ഇല്ലെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) **എടപ്പാളിലെ കെ.എസ്.ആർ.ടി.സി യുടെ സ്ഥലസൗകര്യം കണക്കിലെടുത്ത് ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;**

(സി) **ഇതിലേയ്ക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?**

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ആര്‍. ടി. സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് സര്‍വ്വീസുകള്‍**

3658

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) റാന്നിയില്‍ കെ. എസ്. ആര്‍. ടി. സി. ഓപ്പറേറ്റിംഗ് സെന്റര്‍ അനുവദിച്ചുകൊണ്ട് 2011 ഫെബ്രുവരിയില്‍ ഇറക്കിയ ഉത്തരവുപ്രകാരം റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് എത്ര ബസ്സും ഏതൊക്കെ സര്‍വ്വീസുകളുമാണ് മാറ്റിക്കൊണ്ട് ചീഫ് ഓഫീസില്‍ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുളളതെന്ന് ഓര്‍ഡറിന്റെ കോപ്പി സഹിതം വ്യക്തമാക്കാമോ;

(ബി) ഇതുപ്രകാരം എത്ര ജീവനക്കാരെയാണ് റാന്നി കെ. എസ്. ആര്‍. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് മാറ്റേണ്ടിയിരുന്നത്;

(സി) ചീഫ് ഓഫീസില്‍ നിന്നും ഇവരെ മാറ്റിയ ഉത്തരവ് പത്തനംതിട്ട എ.ടി.ഒ. നടപ്പാക്കാന്‍ തയ്യാറാകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കെ. എസ്. ആര്‍.ടി. സി. ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥര്‍ അനുകൂല റിപ്പോര്‍ട്ട് നല്‍കിയിട്ടും, ബസ് ഡിപ്പോയ്ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും, ജനപ്രതിനിധികളുടെ ഫണ്ടുപയോഗിച്ച് ലഭ്യമാക്കിയിട്ടും, റാന്നി ഓപ്പറേറ്റിംഗ് സെന്റര്‍ പൂര്‍ണ്ണതോതില്‍ പ്രവര്‍ത്തനമാരംഭിക്കാന്‍ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

## മൾട്ടിപർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ്

3659 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കെ.എസ്.ആർ.ടി.സി വക വാണിജ്യപ്രാധാന്യമുള്ള സ്ഥലത്ത് മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, എന്നേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ പുതിയ ബസുകൾ**

**3660** **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി വാങ്ങിയ ഷാസികളിൽ എത്ര എണ്ണം ബോഡി നിർമ്മിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബോഡി നിർമ്മാണം കഴിഞ്ഞ് ഇറങ്ങുന്ന ബസുകൾ എം.എൽ.എ മാരുടെ ആവശ്യപ്രകാരം ലാഭകരമായ റൂട്ടുകളിൽ സർവീസ് നടത്തുന്നതിന് അനുവാദം നൽകുമോ;

(സി) ഇനി ഇറങ്ങാൻ പോകുന്ന ബസുകൾ ഒരു എം.എൽ.എയ്ക്ക് മൂന്നു ബസുകൾ വീതം റൂട്ടുകൾ ലാഭകരമാണെന്ന് കണ്ടെത്തിയാൽ അപേക്ഷ പ്രകാരം അനുവദിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മലബാറിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ**

3661 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ജില്ലകളിൽ ചില റൂട്ടുകളിലൊഴികെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എല്ലാ റൂട്ടുകളിലും വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>മലപ്പുറം ജില്ലയിലെ രാമപുരത്ത് ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ്</u>**

**3662 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കോഴിക്കോട്-പാലക്കാട് റൂട്ടിലോടുന്ന ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് മലപ്പുറം ജില്ലയിലെ രാമപുരത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ചടമയംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

3663 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽനിന്നും നിലവിൽ എത്ര ബസ്സുകളാണ് ദിവസവും ഓപ്പറേറ്റ് ചെയ്യുന്നത് ;

(ബി) ഇവിടെ നിലവിലുണ്ടായിരുന്ന എത്ര ഷെഡ്യൂളുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ റദ്ദ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ഡിപ്പോയിൽ പുതിയതായി ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ്**

**3664** **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുംബൈയിലേക്ക് യാത്ര ചെയ്യുന്നതിന് ട്രെയിനുകളും സ്വകാര്യബസ്സുകളും മാത്രമാണുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. എ.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഇതിന് നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>ബൈപാസ് വഴി നെയ്യാറ്റിൻകര - കഴക്കൂട്ടം ബസ് സർവ്വീസ്</u>**

**3665 ശ്രീമതി. ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര-നെല്ലിമൂട്-ഉച്ചക്കട-വിഴിഞ്ഞം-കോവളം ബൈപാസ് ചാക്ക -ആൾസെയിന്റ്സ് കോളേജ്-തുമ്പ-സ്റ്റേഷൻകടവ്-ടെക്നോപാർക്ക്- കഴക്കൂട്ടം ബസ് സർവ്വീസ് തുടങ്ങുന്നതിനെക്കുറിച്ചുളള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് പറയാമോ;

(സി) പ്രസ്തുത സർവ്വീസ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**മണ്ണൂര്‍ - വാളകം റോഡ് തിരിയുന്ന സ്ഥലത്തെ ബസ് സ്റ്റോപ്പ്**

**3666 ശ്രീ. സാജു പോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി പെരുമ്പാവൂര്‍ ബസ് സ്റ്റേഷന്റെ പരിധിയിലുള്ളതും കീഴില്ലത്തിനും മണ്ണൂരിനും മദ്ധ്യേ ഉണ്ടായിരുന്നതുമായ മണ്ണൂര്‍ - വാളകം റോഡ് തിരിയുന്ന സ്ഥലത്തെ ബസ് സ്റ്റോപ്പ് പുന:സ്ഥാപിക്കണമെന്ന ആവശ്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ആയത് പുന:സ്ഥാപിക്കാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോ</u>

3667 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്;

(ബി) പ്രസ്തുത ഡിപ്പോയിൽ നിലവിൽ ഉപയോഗയോഗ്യമായ എത്ര ബസുകളാണുള്ളത് ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുവരുന്ന മുഴുവൻ സർവ്വീസുകളുടെയും വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) പാലോട് ഡിപ്പോയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സ് നിർമ്മാണശാല</u>

3668 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1966 നുശേഷം മലപ്പുറം ജില്ലയിലെ എടപ്പാൾ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിനോടനുബന്ധമായി ഒരു സ്പെയർ പാർട്സ് നിർമ്മാണശാല ആരംഭിക്കുന്നതിനായി നടപടി എടുത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുളള നിർമ്മാണശാല ആരംഭിച്ചാൽ കുറെ ആളുകൾക്ക് ജോലി നൽകുന്നതിനും കെ.എസ്. ആർ.ടി.സി.ക്ക് പുറമെനിന്ന് സ്പെയർ പാർട്സ് വാങ്ങുന്നതിൽകൂടി ഉണ്ടാകുന്ന ഭാരിച്ച ചെലവ് കുറക്കാൻ കഴിയും എന്ന കാര്യവും പരിഗണിച്ച് സർക്കാർ ഇതിനായി പഠനം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കുണ്ടറ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ**

3669 **ശ്രീ. എം.എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ഫയർസ്റ്റേഷനോട് ചേർന്നു കിടക്കുന്ന റവന്യൂ വകുപ്പിന്റെ കൈവശമിരിക്കുന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി.യുടെ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുമോ;

(ബി) ആയതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി വെൽഫെയർ ഓഫീസർ ഗ്രേഡ് 2 നിയമനം**

**3670** **ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കെ.എസ്.ആർ.ടി.സി വെൽഫെയർ ഓഫീസർ ഗ്രേഡ് 2 നിയമനത്തിൽ യോഗ്യത ഇല്ലാത്തവരെ ഒഴിവാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമെന്ന് 13-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ ചോദ്യം നമ്പർ 2234 ന് മറുപടിയായി നൽകിയതിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് പറയുമോ;

(ബി) കൃത്യമായി 7 വർഷത്തെ സ്ഥിരം സേവനം ഇല്ലാത്തവരും, ശൂന്യവേതനാവധിയിലും ആയിരുന്ന അയോഗ്യരായ എത്ര ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ കടന്ന് കൂടിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) എങ്കിൽ കടന്നു കൂടിയവരുടെ സർവ്വീസ് രേഖകൾ പരിശോധിച്ച് അയോഗ്യരായവരെയെല്ലാം ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നടന്ന പ്രസ്തുത നടപടിയെ കുറിച്ച് അന്വേഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വിധത്തിലുള്ള അന്വേഷണമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കല്‍പ്പറ്റ കെ.എസ്.ആര്‍.ടി.സി ഡിപ്പോയില്‍ നിലവിലുള്ള ഷെഡ്യൂളുകള്‍**

3671 **ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ കെ.എസ്.ആര്‍.ടി.സി ഡിപ്പോയില്‍ നിലവില്‍ എത്ര ഷെഡ്യൂളുകളാണ് ഉള്ളത് ;

(ബി) പ്രസ്തുത ഷെഡ്യൂളുകള്‍ സുഗമമായി പ്രവര്‍ത്തിപ്പിക്കുന്നതിന് ആവശ്യമായ ബസ്സുകളുടെ എണ്ണവും എത്ര ബസ്സുകളാണ് നിലവില്‍ ഉള്ളതെന്നും ഇനം തിരിച്ച് അറിയിക്കുമോ;

(സി) ബസ്സുകളുടെ എണ്ണത്തിലുള്ള കുറവ് ജനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ പുതിയ ബസ്സ് സർവ്വീസുകൾ</u>

3672 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബസ്സുകളുടെ അഭാവത്താലും സാമ്പത്തിക നഷ്ടത്താലും ആലപ്പുഴ, ചങ്ങനാശ്ശേരി, എടത്വാ ഡിപ്പോകളിൽ നിന്നും കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം സർവ്വീസുകളാണ് റദ്ദ് ചെയ്തിരിക്കുന്നതെന്ന് പറയാമോ;

(ബി) കുട്ടനാട്ടിലെ റൂട്ടുകൾ ദേശസാത്ക്കരിച്ചിരിക്കുന്നതിനാൽ റദ്ദ് ചെയ്ത ബസ്സുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കുട്ടനാട്ടിലെ ഏതെല്ലാം പുതിയ സർവ്വീസുകൾക്കാണ് ഫീസിബിലിറ്റി ലഭ്യമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഡീസൽക്ഷാമം മൂലം കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറച്ച നടപടി**

**3673 ശ്രീ.കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡീസൽക്ഷാമത്തെത്തുടർന്ന് സംസ്ഥാനവ്യാപകമായി കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറക്കുന്നതും രൂക്ഷമായ യാത്രാക്ലേശം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഡീസൽക്ഷാമമുണ്ടാകാനുള്ള സാഹചര്യങ്ങൾ എന്താണെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി യുടെ വരുമാനത്തിൽ കുറവുണ്ടായതു കാരണം നിശ്ചിത സമയപരിധിക്കുള്ളിൽ എണ്ണകമ്പനികൾക്ക് ഡീസൽ വില നൽകാതിരുന്നതാണ് കാരണമെന്നത് ശരിയാണോയെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ അപ്രകാരം വരുമാനം കുറയാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഷൊര്‍ണ്ണൂരില്‍ കെ.എസ്.ആര്‍.ടി.സി ഡിപ്പോ**

3674 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി ബസ്സുകള്‍ ഇപ്പോള്‍ സംസ്ഥാനത്തെ പല ഡിപ്പോകളില്‍ നിന്നും ശരിയായി സര്‍വ്വീസ് നടത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കെ.എസ്.ആര്‍.ടി.സി യുടെ പ്രതിദിനം ലഭിക്കുന്ന കളക്ഷനും പ്രതിദിനം ചെലവഴിക്കുന്ന തുകയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ ;

(ഡി) ഷൊര്‍ണ്ണൂരില്‍ കെ.എസ്.ആര്‍.ടി.സി ഡിപ്പോയില്ല എന്നുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടുവോ. ; എങ്കില്‍ ആയത് പരിഹരിക്കുവാന്‍ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**കെ. എസ്. ആർ. ടി. സി. യിൽ കൊറിയർ സർവ്വീസ് ആരംഭിക്കുവാൻ നടപടി**

**3675 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ കൊറിയർ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി എങ്ങിനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പെരുമ്പളം കവല-കൊമ്പനാമുറിവഴി ബസ് സർവ്വീസ്**

3676 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം കവല-കൊമ്പനാമുറിവഴി എത്ര സർവ്വീസുകൾ നടത്തിയിരുന്നു;

(ബി) നിലവിൽ എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാദുരിതം പരിഹരിക്കുന്നതിനായി പെരുമ്പളം കവല-കൊമ്പനാമുറിവഴി സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രദേശത്ത് പുതിയതായി ബസ്സ് അനുവദിക്കുമോ; അർത്തുങ്കൽ-വേളാങ്കണ്ണി, തുറവൂർ-ഗുരുവായൂർ, തുറവൂർ-ശബരിമല എന്നിവിടങ്ങളിലേക്ക് പ്രത്യേക ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിവേദകർക്ക് ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ; എഴുപുന്ന-കാക്കതുരുത്ത് ഫെറിവഴിയുള്ള സർവ്വീസ് പുനരാരംഭിക്കുവാനുള്ള നടപടി സത്വരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.റ്റി.സി. യുടെ രാജധാനി റിംഗ് റോഡ് സർവ്വീസ്</u>**

**3677 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം, പൂവാർ എന്നീ ഡിപ്പോകളിൽ നിന്ന് കെ.എസ്.ആർ.റ്റി. സി.യുടെ രാജധാനി റിംഗ് റോഡ് സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സർവ്വീസുകൾ ഈ ഡിപ്പോകളിൽ നിന്ന് പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ശമ്പളത്തിൽ കുറവുചെയ്ത തുക വകമാറ്റി ചെലവഴിക്കുന്നതായി പരാതി**

**3678 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പ്രതിമാസം ബാങ്ക് വായ്പ, ഇൻഷ്വറൻസ് പ്രീമിയം, കെ.എസ്.എഫ്.ഇ. ചിട്ടി, വായ്പ തുടങ്ങിയവയ്ക്കായി പിടിക്കുന്ന തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം യഥാസമയം തവണ അടയ്ക്കാതെ വന്നതിനെ തുടർന്ന് വായ്പയെടുത്തിട്ടുള്ള ജീവനക്കാർക്ക് പലിശയും പിഴപ്പലിശയും അടയ്ക്കുന്നതിന് നോട്ടീസ് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ വായ്പതവണ മുടങ്ങിയതിന്റെ ഉത്തരവാദിത്വവും കഷ്ടനഷ്ടങ്ങളും തൊഴിലാളികളുടെമേൽ കെട്ടിവെയ്ക്കാനാണോ കോർപ്പറേഷൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**കഠിനംകുളം കായലിൽ സ്റ്റീൽ ബോട്ടുപയോഗിച്ച് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി**

**3679 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര പുതിയ സ്റ്റീൽ ബോട്ടുകൾ ജലഗതാഗത വകുപ്പ് വാങ്ങിയെന്ന് പറയാമോ ; അതിന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കഠിനംകുളം കായലിൽ സ്റ്റീൽ ബോട്ടുപയോഗിച്ച് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പാണാവളളി - പെരുമ്പളം, പൂത്തോട്ടം - പെരുമ്പളം റൂട്ടുകളിൽ പുതിയ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുളള നടപടികൾ**

3680 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പളം ദ്വീപ് നിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടാനുളള ഏക ആശ്രയം ബോട്ട് സർവ്വീസാണെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിനാൽ തൊഴിലാളികൾക്കും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാണാവളളി - പെരുമ്പളം, പുത്തോട്ടം - പെരുമ്പളം റൂട്ടുകളിൽ പുതിയ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുളള അടിയന്തിര നടപടികൾ ആരംഭിക്കുമോയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കായംകുളം ദേശീയപാതയിൽ റോഡപകടം മൂലം മരണപ്പെട്ടിട്ടുളള ആളുകൾ</u>**

3681 **ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷത്തിനുളളിൽ കായംകുളം ദേശീയ പാതയിൽ ഹരിപ്പാട് മുതൽ ഓച്ചിറ വരെ എത്ര റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും പറയാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മോട്ടോർ വെഹിക്കിൾ വകുപ്പിൽ**
**സോഷ്യൽ ഓഡിറ്റ് സമ്പ്രദായം**

3682 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾ വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്ന് പറയുമോ;

(ബി) ഇല്ലെങ്കിൽ സോഷ്യൽ ഓഡിറ്റ് സിസ്റ്റം പ്രസ്തുത വകുപ്പിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം**

**3683 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പുതുതായി രൂപീകരിച്ച 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പിരിച്ചെടുക്കേണ്ടുന്ന തുക നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ക്വാഡ് ഒരു വർഷം പിരിച്ചു നൽകേണ്ട തുക എത്രയാണ്;

(സി) പുതുതായി രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം പൂർണ തോതിൽ ആയിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ഡ്രൈവിംഗ് സ്കൂളുകളുടെ സർവ്വേ നടത്താൻ നടപടി</u>

3684 ശ്രീ. കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളുടെ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർവ്വേയിൽ ഉൾപ്പെടുത്തുന്ന വിഷയങ്ങൾ എന്തൊക്കെയാണ്;

(സി) ഇത്തരം സർവ്വേ നടത്തുന്നതിന്റെ ആവശ്യകത എന്താണ്; വിശദീകരിക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹനവകുപ്പിൽ**
**സ്റ്റാഫ് പാറ്റേൺ പുതുക്കൽ**

3685 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചത് ഏത് വർഷത്തിലാണ്;

(ബി) നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് കൊണ്ട് വർദ്ധിച്ചു വരുന്ന ആവശ്യം നിർവ്വഹിക്കുവാൻ കഴിയുന്നുണ്ടോ;

(സി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഉഴവൂരിൽ ഉണ്ടായിരുന്ന ജോയിന്റ് ആർ.റ്റി ഓഫീസ് പുനസ്ഥാപിക്കുന്നതിന് നടപടി**

**3686 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് പുതിയ ജോയിന്റ് ആർ.റ്റി ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വളിപ്പെടുത്തുമോ;

(ബി) കോട്ടയം ജില്ലയിലെ ഉഴവൂരിൽ ഉണ്ടായിരുന്ന ജോയിന്റ് ആർ.റ്റി ഓഫീസ് നിർത്തലാക്കിയത് പുനസ്ഥാപിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് അയച്ച ഫയലിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) മോട്ടോർ വാഹന വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>പയ്യന്നൂരിൽ സബ്ബ് ആർ.ടി.ഓഫീസ്</u>

3687 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂരിൽ സബ്ബ് ആർ.ടി. ഓഫീസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിവേദനത്തിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സബ് ആർ.ടി. ഓഫീസ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**ശാരീരിക വൈകല്യം മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ വാഹനങ്ങളിൽ മാറ്റം**

**3688** **ശ്രീ. ലൂഡി ലൂയിസ്**
**,, വി. പി. സജീന്ദ്രൻ**
**,, എം. എ. വാഹീദ്**
**,, അൻവർ സാദത്ത്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **ശാരീരിക വൈകല്യം മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ഉപയോഗിക്കുന്നതിനായി വാഹനങ്ങളിൽ മാറ്റം വരുത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;**

(ബി) **എന്തെല്ലാം നിയന്ത്രണങ്ങളാണ് വരുത്തിയിട്ടുള്ളത്;**

(സി) **ഇങ്ങനെ മാറ്റം വരുത്തുന്ന വാഹനങ്ങൾ അപകടമുണ്ടാക്കില്ല എന്ന് പരിശോധിക്കാൻ എന്ത് സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ?**

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>ഇരുചക്രവാഹന അപകടങ്ങളിൽ മരണപ്പെട്ടവർ</u>**

**3689 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷക്കാലം ഇരുചക്രവാഹന അപകടങ്ങളിൽ എത്ര പേർ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ മരണപ്പെട്ടവരിൽ ഹെൽമറ്റ് ധരിച്ചിരുന്നവർ എത്രയുണ്ടെന്നും ധരിക്കാതിരുന്നവർ എത്രയാണെന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**വാഹനാപകട നിയന്ത്രണത്തിന് എൻഫോഴ്സ്മെന്റ് വിഭാഗം**

3690 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' വി. എം. ഉമ്മർ മാസ്റ്റർ
'' കെ. എം. ഷാജി
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ വാഹനാപകടനിയന്ത്രണം ലക്ഷ്യമിട്ട് ആരംഭിക്കാനുദ്ദേശിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നിർദ്ദിഷ്ട പ്രവർത്തനരീതി വിശദമാക്കാമോ ;

(ബി) ഈ വിഭാഗത്തിനുവേണ്ടി എന്ത് അടിസ്ഥാനസൗകര്യങ്ങളാണ് വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിഭാഗത്തിന് ആധുനിക ഉപകരണങ്ങൾ നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) എൻഫോഴ്സ്മെന്റ് വിഭാഗത്തെ ഏതൊക്കെ ജില്ലകളിൽ വിന്യസിക്കാനാണ് ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ചെക്ക്പോസ്റ്റുകളിലെ മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകൾ**

**3691 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കാത്ത എത്ര ചെക്പോസ്റ്റുകൾ ഉണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എല്ലാ ചെക്പോസ്റ്റുകളിലും മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കാത്തതിനാൽ വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർ സഞ്ചരിക്കുന്ന ടാക്സികളും മറ്റും കിലോമീറ്ററുകളോളം അധികം സഞ്ചരിച്ച് മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന ചെക്പോസ്റ്റുകളിൽ കൂടി കടന്നുപോകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) എല്ലാ ചെക്പോസ്റ്റുകളിലും മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>മോട്ടോർ ഡ്രൈവിംഗ് പരിശീലനത്തിന് പുതിയ സംവിധാനം</u>**

**3692 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ഡ്രൈവിംഗ് പരിശീലനത്തിൽ പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ് പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇവ സംസ്ഥാനത്ത് ബന്ധപ്പെട്ട മുഴുവൻ കേന്ദ്രങ്ങളിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ വിശദാംശം**

**3693 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ആകെ എത്ര ജീവനക്കാർ ഉണ്ട്;

(ബി) വകുപ്പിൽ ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ വാഹന പരിശോധനയും നികുതിപിരിവും അടക്കമുള്ള വിഷയങ്ങളിൽ വീഴ്ച വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഹന ഉടമകളിൽ നിന്നും ലഭിക്കേണ്ട നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

(ഡി) വാഹനങ്ങളുടെ പരിശോധന കർശനമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുമായി പ്രഖ്യാപിച്ച എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(ഇ) ഏതെല്ലാം താലൂക്കുകളിൽ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നില്ല;

(എഫ്) എല്ലാ താലൂക്കുകളിലും വാഹനവകുപ്പിന് ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മത്സര ഓട്ടം നടത്തുന്ന സ്വകാര്യ ബസ്സുകൾ**

3694 **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സര ഓട്ടം നടത്തുന്ന സ്വകാര്യ ബസ്സ് ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ഘടനയും പ്രവർത്തനവും</u>**

**3695 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ഘടനയും പ്രവർത്തനവും എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ എത്ര യോഗങ്ങൾ ചേർന്നു; അവയിൽ എടുത്ത പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ്;

(സി) ഏറ്റവും അവസാനം കൂടിയ യോഗത്തിലെ പ്രധാന ശുപാർശ എന്തായിരുന്നു;

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഔദ്യോഗികവാഹനത്തിന് മുകളിൽ ചുവന്ന ലൈറ്റ് ഘടിപ്പിക്കാൻ അനുമതിയുള്ളവർ**

3696 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന നിയമപ്രകാരം ഔദ്യോഗികവാഹനത്തിനു മുകളിൽ ചുവന്ന ലൈറ്റ് പ്രകാശിപ്പിക്കാൻ അനുമതി നൽകിയിട്ടുള്ളവരുടെ പട്ടിക നൽകാമോ;

(ബി) വാഹനങ്ങളിൽ പ്രദർശിപ്പിക്കേണ്ട നമ്പർ പ്ലേറ്റുകളെ സംബന്ധിച്ച നിബന്ധനകൾ വിശദമാക്കുമോ;

(സി) നമ്പർ പ്ലേറ്റുകളിൽ രേഖപ്പെടുത്തേണ്ട അക്ഷരങ്ങളുടെയും, അക്കങ്ങളുടെയും വലിപ്പം, നിറം എന്നിവ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കുവാനും ആരെയൊക്കെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>മോട്ടോർവാഹന വകുപ്പിലെ സാങ്കേതിക ജീവനക്കാരുടെ എണ്ണം</u>**

**3697**

**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് 31 വരെ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മോട്ടോർ വാഹനങ്ങളുടെ എണ്ണം എത്രയാണ്;

(ബി) മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക ജീവനക്കാരുടെ ആകെ എണ്ണം എത്രയാണ്;

(സി) വാഹന പെരുപ്പത്തിനനുസരിച്ച് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**മോട്ടോർവാഹന, പോലീസ് വകുപ്പുകൾ പിഴയിനത്തിൽ സമാഹരിച്ച തുകയുടെ വിശദാംശം**

3698 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റോഡുകളിൽ വാഹന പരിശോധന നടത്തുന്നതിനുള്ള അധികാരം മോട്ടോർ വാഹന വകുപ്പിലാണോ പോലീസ് വകുപ്പിലാണോ നിക്ഷിപ്തമായിട്ടുള്ളത് ;

(ബി) കഴിഞ്ഞ വർഷം വാഹന പരിശോധന നടത്തി പിഴയിനത്തിൽ മോട്ടോർ വാഹന വകുപ്പ് എന്തു തുക ഈടാക്കിയിട്ടുണ്ട് ?